സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

വയനാട് ജില്ല - ഉരുൾപൊട്ടൽ ദുരന്തം - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2024 ആഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും ഒരു ദിവസത്തെ ശമ്പളം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 62/24/Est-I** നന്തൻകോട്, **02/08/2024**

---

## ഉത്തരവ്

വയനാട് ഉണ്ടായിട്ടുള്ള ഉരുൾപൊട്ടൽ ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കും മറ്റ് ദുരിതബാധിതർക്കും ആശ്വാസമാകത്തക്കവിധം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്രസിഡന്റിന്റെയും മെമ്പർമാരുടെയും ഒരു ദിവസത്തെ ഹോണറേറിയം നല്കുന്നതിന് തീരുമാനിക്കുകയും ജീവനക്കാരുടെ ഒരു ദിവസത്തെ വേതനം നൽകുന്നതിന് ജീവനക്കാരോട് അഭ്യർത്ഥിക്കുന്നതിനും ബോർഡ് തീരുമാനിച്ചു.

പ്രസ്തുത ദുരന്ത നിവാരണത്തിൽ പങ്കുകൊള്ളുന്നതിനുള്ള ബോർഡിന്റെ അഭ്യർത്ഥന മാനിച്ച് ഇക്കാര്യം ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തി, തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സമ്മതപ്രകാരം 2024 ആഗസ്റ്റ് മാസത്തിലെ ഒരു ദിവസത്തെ ശമ്പളമോ അവരവരുടെ ഇഷ്ടാനുസരണമുള്ള തുകയോ സംഭാവനയായി ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെയും ഫണ്ട് സ്വരൂപിച്ച് ഒറ്റ ചെക്കായി ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
4. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്

(1–4: നടപടിക്കായി)

5. ഇ.ഡി.പി. സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി